'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി - അതോറിറ്റിയിലെ അസിറ്റന്റ് ലൈൻമാൻ തസ്തികയ്ക്ക് പത്താം ശമ്പള പരിഷ്കരണ പ്രകാരമുള്ള പുതുക്കിയ സ്കെയിൽ അനുവദിച്ചും കൊണ്ടും 01.06.2015 പ്രാബല്യത്തിൽ ജി.സി.ഡി.എ.യിൽ അസിസ്റ്റന്റ് ലൈൻമാൻ തസ്തിക നിർത്തലാക്കി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(കൈ) നം.161/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 13/12/2019

---

പരാമർശം:- 1 15.12.2014 തീയതിയിലെ സ.ഉ(കൈ)നം.225/2014/തസ്വഭവ

2 25.02.2018 തീയതിയിലെ സ.ഉ(കൈ)നം.27/2018/തസ്വഭവ

3 ജിസിഡിഎ സെക്രട്ടറിയുടെ 28.05.2018, 08.11.2018, 10.05.2019 2573/എസ്റ്റാ.1/2012/ജിസിഡിഎ നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

വിശാല കൊച്ചി വികസന അതോറിറ്റിയിലെ ജീവനക്കാർക്ക് പത്താം ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിച്ച നൽകിയ പരാമർശം (2) സർക്കാർ ഉത്തരവിന്റെ ശമ്പളസ്കെയിൽ പട്ടികയിൽ അസിറ്റന്റ് ലൈൻമാൻ തസ്തിക ഉൾപ്പെടാത്തതിനാൽ ടി തസ്തികയിൽ നിന്നും 31.05.2015-ന് വിരമിച്ച ശ്രീ.ആർ.ചന്ദ്രന് ശമ്പളആനുകൂല്യങ്ങൾ പരിഷ്കരിക്കാൻ നിർവ്വാഹമില്ലെന്നും ടി തസ്തിക അതോറിറ്റിയിൽ നിലനിന്നിരുന്നതായതിനാൽ, പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം അതോറിറ്റിയുടെ ഒൻപതാം ശമ്പളപരിഷ്കരണ ഉത്തരവിൽ ടി തസ്തികയും ഉൾപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ടി തസ്തിക പത്താം ശമ്പളപരിഷ്കരണ ഉത്തരവിൽ ഉൾപ്പെടുത്തി ₹ 19000-43600 എന്ന പുതുക്കിയ ശമ്പളസ്കെയിൽ അനുവദിക്കണമെന്നു ജിസിഡിഎ സെക്രട്ടറി സൂചന കത്ത് പ്രകാരം സർക്കാരിനോട് അഭ്യർഥിക്കുകയുണ്ടായി.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ജിസിഡിഎയിലെ അസിസ്റ്റന്റ് ലൈൻമാൻ തസ്തികയ്ക്ക് പത്താം ശമ്പള പരിഷ്കരണത്തിൽ ₹ 17500-39500 എന്ന പുതുക്കിയ ശമ്പളസ്കെയിൽ അനുവദിച്ചുകൊണ്ടും ടി തസ്തികയിൽ 31.05.2015 വരെ സേവനം അനുഷ്ഠിച്ച ശ്രീ.ആർ.ചന്ദ്രന് ടി ശമ്പള സ്കെയിലിനെ ആധാരമാക്കിയുള്ള

ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ജി.സി.ഡി.എ. സെക്രട്ടറിക്ക് നിർദ്ദേശം നല്കികൊണ്ടും ഉത്തരവാകുന്നു. 01.06.2015 പ്രാബല്യത്തിൽ ജി.സി.ഡി.എ.യിൽ അസിസ്റ്റന്റ് ലൈൻമാൻ തസ്തിക നിർത്തലാക്കികൊണ്ടും ഉത്തരവാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നന്ദന ആർ പി**

**അണ്ടർ സെക്രട്ടറി**

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**